# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1164 31.10.2019 ൽ മറുപടിക്ക്**

**മഴക്കെടുതിയിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. ടി. വി. ഇബ്രാഹിം**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ മഴക്കെടുതിയിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഈ വർഷത്തെ മഴക്കെടുതിയിൽ റോഡുകൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ട്. നിരത്തു വിഭാഗത്തിൽ മൊത്തം 5031.51 കി.മീ റോഡുകൾക്ക് വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സംരക്ഷണഭിത്തി, കലുങ്കുകൾ മുതലായവയ്ക്ക് നാശനഷ്ടങ്ങളും ഉപരിതലത്തിന് കേടുപാടും സംഭവിച്ചിട്ടുണ്ട്. മൊത്തം 2958.33 കോടി രൂപയുടെ കേടുപാടുകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത്. KSTP റോഡുകൾക്ക് 89,62,210/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു. ദേശീയപാതയ്ക്കുണ്ടായ നഷ്ടം അനുബന്ധം II ആയി ചേർക്കുന്നു. |
| ബി) | സംസ്ഥാനത്ത് വർഷത്തിൽ നാലു മാസത്തോളം മഴ പെയ്യുന്ന സ്ഥിതിവിശേഷമുള്ളതിനാൽ മഴയിൽ തകരാത്ത റോഡുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ; | ബി) & സി) | സംസ്ഥാനത്ത് തുടർച്ചയായി പെയ്യുന്ന മഴ കണക്കിലെടുത്ത് മഴയെ അതിജീവിക്കുന്ന ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ കാലം ഈടു നിൽക്കുന്ന ബി.എം & ബി.സി റോഡുകളും Geo textile, coir, plastic തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴവെള്ളം ഒഴുകുന്നതിനാവശ്യമായുള്ള ഓടകളും കലുങ്കുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Rebuild kerala പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ദേശീയപാതകളുടെ നിർമ്മാണവും |
| സി) | മഴയിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനോടൊപ്പം മഴയെ അതിജീവിക്കുന്ന ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | |

പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കെ.എസ്.ടി.പി യുടെ കീഴിൽ 2018-ലെ പ്രളയം നിമിത്തം തകർന്ന റോഡുകൾ പ്രളയത്തെ അതിജീവിക്കുന്ന തരത്തിൽ പുനർ നിർമ്മിക്കുന്നതിനുവേണ്ടി ജർമ്മൻ ബാങ്ക് (KFW) ആദ്യഘട്ടത്തിൽ 90 മില്ല്യൻ യൂറോ ഡോളറും (720 കോടി രൂപ) രണ്ടാംഘട്ടത്തിൽ 80 മില്ല്യൻ യൂറോ ഡോളറും (640 കോടി രൂപ) വായ്പ നൽകാമെന്ന് ധാരണയിലായിട്ടുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. KFW ബാങ്കുമായുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനായി 1600 കി.മീ റോഡുകളുടെ പട്ടിക പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തയ്യാറാക്കി കെ.എസ്.ടി.പിയ്ക്ക് നൽകുകയുണ്ടായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെയും, ലോകബാങ്കിന്റെയും ധനസഹായം ഉറപ്പാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 666 കി.മീ റോഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നമ്പർ | റോഡിന്റെ പേര് | തുക |
|---|---|---|
| 1 | പൊൻകുന്നം - തൊടുപുഴ റോഡ് | 20,73,210/- |
| 2 | അടൂർ -ചെങ്ങന്നൂർ റോഡ് | 5,00,000/- |
| 3 | തലശ്ശേരി - വളവുപാറ റോഡ് | 28,00,000/- |
| 4 | കാസറഗോഡ് - കാഞ്ഞങ്ങാട് റോഡ് | 10,00,000/- |
| 5 | ചെങ്ങന്നൂർ - മുവാറ്റുപുഴ റോഡ് | 8,00,000/- |
| 6 | ഏറ്റുമാനൂർ - മുവാറ്റുപുഴ റോഡ് | 2,00,000/- |
| 7 | ഏറ്റുമാനൂർ മുവാറ്റുപുഴ റോഡിലെ ഈസ്റ്റ് മാറാടിക്ക് സമീപം റോഡിന്റെ സംരക്ഷണഭിത്തി | 15,89,000/- |
| | ആകെ | 89,62,210/- |

സെക്ഷൻ ഓഫീസർ

അനുബന്ധം II

to CM meeting

## മഴക്കെടുതി ആഗസ്റ്റ് 2019
## സംസ്ഥാനത്തുണ്ടായ ശക്തമായ മഴയിൽ ദേശീയപാതയിൽ ഉണ്ടായിട്ടുള്ള കെടുതികളെക്കുറിച്ച് – 14.08.2019

| ക്രമ. നം. | ജില്ല | നാശനഷ്ടങ്ങളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | കാസർഗോഡ് | ദേശീയപാത 66 ൽ തലപ്പാടി, തുമിനാട്, ഉദ്യാവർ, മഞ്ചേശ്വരം, ഗോവിന്ദപൈ കോളേജ് ജംഗ്ഷൻ, പെട്രോൾ പമ്പ്, പൊസോട്ട്, ഉപ്പള ഗേറ്റ്/ടൗൺ, പേർവാട്, മൊഗ്രാൽ കിണർ/പാലം, പന്നിക്കുന്ന്, ചൗക്കി, എരിയാൽ, അടുക്കത്ത്ബയൽ, കറന്തക്കാട്, മധൂർറോഡ് ജംഗ്ഷൻ, കാര്യങ്കോട് പാലം, ഞാണങ്കൈവളവ് എന്നിവിടങ്ങളിൽ റോഡിന്റെ പ്രതലത്തിന് സാരമായ നാശം സംഭവിച്ചിട്ടുണ്ട്. ഞാണങ്കെ കയറ്റത്തിൽ മണ്ണിടിച്ചിൽ സംഭവിച്ചിട്ടുണ്ടായിരുന്നു. അപകടാവസ്ഥയിൽ ഉണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റിയിട്ടുണ്ട്. ഡ്രെയിൻ തടസ്സങ്ങൾ മാറ്റിയിട്ടുണ്ട്. കി.മി. 43/300, 42/900, 21/500 എന്നീ ഭാഗങ്ങളിൽ റോഡ് സർഫസ് വളരെ മോശമായ അവസ്ഥയിൽ ആണ്.<br>റോഡുകളിൽ പോട്ട് ഹോൾസ് അധികമായിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 828 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 2 | കണ്ണൂർ | ദേശീയപാത 66 ൽ കാലിക്കടവ് മുതൽ പരിയാരം മെഡിക്കൽ കോളേജ് വരെ പല സ്ഥലങ്ങളിൽ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. താഴെചൊവ്വ മുതൽ തലശ്ശേരി വരെ റോഡ് ബി.സി സർഫസ് വാഷ്ഔട്ട് ആയി പോയിട്ടുണ്ട്. പയ്യന്നൂർ കോളേജ് മുതൽ പരിയാരം മെഡിക്കൽ കോളേജ് വരെ വെള്ളം കെട്ടി റോഡ് ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നു.<br>തോട്ടട, മാഹിക്കടുത്തുള്ള പരിമടം എന്നീ ഭാഗങ്ങളിൽ വലിയ മരങ്ങളം കടപുഴകി വീണ് ഗതാഗതം സ്തംഭനാവസ്ഥയിലായിരുന്നു. പിന്നീട് ക്രെയിൻ ഉപയോഗിച്ച് ബ്ലോക്ക് മാറ്റിയിരുന്നു.<br>കുറ്റിപ്പാലത്തിന്റെ കൈവരികൾ തകർന്നതിനാൽ താല്കാലികമായി പുനർ നിർമ്മിക്കാനുള്ള നടപടികൾ എടുത്തു വരുന്നു.<br>വളപട്ടണം പാലത്തിന്റെ അപ്രോച്ചിലുള്ള ഗാബിയോൺ വാൾ പല സ്ഥലങ്ങളിലും പൊളിഞ്ഞിട്ടുണ്ട്. ഏകദേശം ഒന്നരക്കോടി രൂപയോളം റിപ്പയർ ചിവല് പ്രതീക്ഷിക്കുന്നു. മുഴപ്പിലങ്ങാട് - താഴെ ചൊവ്വ - ധർമ്മടം ഭാഗങ്ങളിൽ പോട്ട് ഹോൾസ് അധികമായിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 425 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 3 | കോഴിക്കോട് | താമരശ്ശേരി ചുരത്തിൽ പലഭാഗങ്ങളിലും മണ്ണിടിച്ചിൽ ഉണ്ടായത് മാറ്റിയിട്ടുണ്ട്. റോഡ്, സംരക്ഷണഭിത്തി എന്നിവ താഴ്ന്നു പോകുന്ന അവസ്ഥ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.<br>ദേശീയപാത 766 ൽ ഗാട്ട് മേഖലയിൽ കി.മീ 45 നും 57 നും ഇടയിൽ ചിപ്പിലിതോട്, ഒന്നാം വളവ്, തകരപ്പാടി , ഒൻപതാം വളവ് എന്നിവിടങ്ങളിൽ ശക്തമായ മണ്ണിടിച്ചിൽ ഉണ്ടായി, റോഡിന് കാര്യമായ നാശം സംഭവിച്ചിട്ടുണ്ട്. ഈ ഭാഗങ്ങളിൽ പത്തോളം മണ്ണിടിച്ചൽ ഉണ്ടായിട്ടുണ്ട്. കി.മി. | |

| | | | |
|---|---|---|---|
| | | 49/100 ൽ റോഡിന് വിള്ളലുണ്ടായി ഇടിഞ്ഞ് പോകുന്ന അവസ്ഥ ഉള്ളതിനാൽ സംരക്ഷണ ഭിത്തി ആവശ്യമാണ്.<br>നിലവിൽ ദേശീയപാത 766 ഗതാഗത യോഗ്യമായി നിലനിർത്തിപ്പോകുന്നു.<br>ദേശീയപാത 66 കോഴിക്കോട് ബൈപ്പാസ് 15 കി.മീറ്ററോളം റോഡ് പ്രതലം പൂർണ്ണമായും തകർന്നിട്ടുണ്ട്. മറ്റു ഭാഗങ്ങളിൽ പോട്ട് ഹോൾസ് ഉണ്ടായിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 825 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 4 | വയനാട് | ശക്തമായ മഴമൂലം ദേശീയപാത 766ൽ പല ഭാഗങ്ങളിലും പോട്ട് ഹോൾസ് രൂപപ്പെട്ടിട്ടുണ്ടായിരുന്നു. സംരക്ഷണ ഭിത്തി തകർന്നിട്ടുണ്ട്.<br>തിനപുരത്ത് മണ്ണിടിച്ചൽ ഉണ്ടായത് നീക്കിയിട്ടുണ്ട്. 68 ാം കി.മി - ലും ബൈപ്പാസ് ജംഗ്ഷനിലും മണ്ണിടിയുന്ന ഭാഗത്ത് സംരക്ഷണഭിത്തി അത്യാവശ്യമാണ്. മുത്തങ്ങ ഭാഗങ്ങളിൽ ഉണ്ടായ വെള്ളക്കെട്ട് നീക്കിയിട്ടുണ്ട് വെള്ളം ഇറങ്ങിയതോടെ ദേശീയപാത 766 സഞ്ചാരയോഗ്യമാണ്. അത്യാവശ്യമുള്ള പണികൾ തുടരുന്നു.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 369 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 5 | മലപ്പുറം | പൊതുവെ ദേശീയപാത 966 വെള്ളത്തിൽ മുങ്ങിയ അവസ്ഥയിലായിരുന്നു.പോട്ട് ഹോൾസും റോഡ് സെറ്റിൽമെന്റും അധികമായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താൽക്കാലിക റിപ്പയർ വർക്കുകൾ പുരോഗമിക്കുന്നു. അപകടാവസ്ഥയിൽ ഉള്ള മരങ്ങൾ മാറ്റിയിട്ടുണ്ട്.<br>ദേശീയപാത 66 ൽ പൊന്നാനി ഭാഗത്ത് വെള്ളക്കെട്ട് ഉണ്ടായിട്ടുണ്ടായിരുന്നു.<br>സി.ആർ.എഫിൽ പുനർ നിർമ്മാണത്തിന് അംഗീകാരം ലഭിച്ചിട്ടുള്ള കുറ്റിപ്പുറം - തൊടക്കാട് - നരിപ്പറമ്പ് റോഡ്, ചേരൂർ - കിളിനക്കോട് - കുന്നുപുറം റോഡ്, നിലമ്പൂർ കരുളായി എന്നീ റോഡുകൾക്ക് കാര്യമായ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 2100 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 6 | പാലക്കാട് | ദേശീയപാത 966 ൽ മണ്ണാർക്കാട് ഭാഗങ്ങളിൽ വെള്ളക്കെട്ട് ഉണ്ടായി റോഡുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. | |
| 7 | തൃശ്ശൂർ | ദേശീയപാത 66 ൽ ചാവക്കാട്, ചന്ദ്രപ്പിനി ഭാഗങ്ങളിൽ വെള്ളക്കെട്ട് കാരണം ഗതാഗതം മന്ദഗതിയിലായിരുന്നു. പോട്ട് ഹോൾസ് അധികമായിട്ടുണ്ട്. | |
| 8 | എറണാകുളം | ദേശീയപാത 66-ൽ സർഫസ് തകരാറുകളും പോട്ട്ഹോൾസും ഉണ്ടായിട്ടുണ്ട്. ഓടകൾ നിർമ്മിക്കേണ്ട ആവശ്യമുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി കൊടുങ്ങല്ലൂർ ഡിവിഷന് കീഴിൽ വരുന്ന റോഡുകൾക്ക് 320** ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. | |
| 9 | കോട്ടയം | ദേശീയപാതയിൽ മഴക്കെടുതികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. | |
| 10 | ഇടുക്കി | ദേശീയപാത മൂവാറ്റുപുഴ ഡിവിഷനു കീഴിൽ ഇടുക്കി ജില്ലയിൽ 257.98 കി.മി. റോഡാണുള്ളത്. 2019 ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച ശക്തമായ മഴയിൽ മണ്ണിടിച്ചിൽ മൂലം പല സ്ഥലങ്ങളിലും ഗതാഗതം തടസ്സപ്പെടുകയും റോഡിന്റെ | |

| | | | |
|---|---|---|---|
| | | ഭാഗങ്ങൾ ഇടിഞ്ഞ് അപകടാവസ്ഥ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.<br><br>1. <u>എൻ.എച്ച് 85 – കൊച്ചി - മധുര റോഡ്:</u> ബോഡിമെട്ട് മുതൽ നേര്യമംഗലം വരെ 106.98 കി.മി. റോഡാണ് ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്നത്. ഈ റോഡിന്റെ ബോഡിമെട്ട് മുതൽ മൂന്നാർ വരെ ഇ.പി.സി. മോഡിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിൽ ഉൾപ്പെടുന്ന ഗ്യാപ്പ് പോർഷനിൽ 28.07.2019 ൽ വലിയ മലയിടിച്ചിൽ ഉണ്ടാവുകയും 140 മീറ്ററോളം റോഡ് മുഴുവനായി ബ്ലോക്ക് ആവുകയും ഗതാഗതം തടസ്സപ്പെട്ടിരിക്കുകയും ആണ്. പാറ പൊട്ടിച്ച് നീക്കുന്ന ജോലികൾ പുരോഗമിച്ച് വരികയാണ്. തടസ്സം നീക്കി ഗതാഗതം പുനരാരംഭിക്കാൻ ഏകദേശം 10 - 15 ദിവസങ്ങൾ കൂടി ആവശ്യമായി വരും. ഈ റോഡിൽ മറ്റു ഭാഗങ്ങളിൽ ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച മഴയിൽ 17 വലിയ മണ്ണിടിച്ചിലും 25-ാളം ചെറിയ മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. കൂടാതെ മറ്റു സ്ഥലങ്ങളിൽ റോഡിന്റെ ഷോൾഡർ പോർഷൻ ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായും മണ്ണിടിച്ചിൽ ഉണ്ടായത് മൂന്നാർ ഹെഡ് വർക്കിന്റെ ഭാഗത്തും രണ്ടാം മൈലിലും ആണ്. (സെക്കന്റ് മൈൽ). ഈ ഭാഗങ്ങളിലെല്ലാം മണ്ണ് നീക്കം ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.<br>2. <u>എൻ.എച്ച് 185 - അടിമാലി - കുമിളി റോഡ് :</u> അടിമാലി മുതൽ കുമിളി വരെയുള്ള 96. കി.മി. റോഡാണ് ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്നത്. ഈ റോഡിൽ ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച മഴയിൽ 10-ാളം വലിയ മണ്ണിടിച്ചിലും 15-ാളം ചെറിയ മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. കൂടാതെ റോഡിന്റെ 5 ഭാഗങ്ങളിൽ ഷോൾഡർ പോർഷനിൽ ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ ഭാഗങ്ങളിലെല്ലാം മണ്ണ് നീക്കം ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. <u>എൻ.എച്ച് 183 - കൊല്ലം - തേനി റോഡ് :</u> മുണ്ടക്കയം മുതൽ കുമളി വരെയുള്ള 55 കി.മി. റോഡാണ് ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്നത്. ഈ റോഡിൽ ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച മഴയിൽ 3 വലിയ മണ്ണിടിച്ചിലും 14-ാളം ചെറിയ മണ്ണിടിച്ചലും ഉണ്ടായിട്ടുണ്ട്. കൂടാതെ റോഡിന്റെ 13 ഭാഗങ്ങളിൽ ഷോൾഡർ പോർഷൻ ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ ഭാഗങ്ങളിലെല്ലാം മണ്ണ് നീക്കം ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 1290 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |
| 11 | ആലപ്പുഴ | ശക്തമായ മഴയിൽ ദേശീയപാതയിൽ പലയിടങ്ങളിലും പോട്ട് ഹോളുകൾ രൂപപ്പെട്ടിട്ടുണ്ട്. | |
| 12 | പത്തനംതിട്ട | ദേശീയപാതയിൽ മഴക്കെടുതികൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല | |

| | | | |
|---|---|---|---|
| | കൊല്ലം | ദേശീയപാത 66 ൽ കൊല്ലം കൃഷ്ണപുരത്തിനും കടമ്പാട്ടുകോണത്തിനുമിടയിൽ അപകടകരമായ അവസ്ഥയിൽ ഉണ്ടായതും കടപുഴകി വീണതുമായ മരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട്.<br>കടമ്പാട്ടുകോണത്തും ശീമാട്ടി ജംഗ്ഷനിലും അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു കൊണ്ടിരിക്കുന്നു. റോഡുകളിൽ കുഴികൾ രൂപപ്പെട്ടത് ഷെൽമാക്ക് ഉപയോഗിച്ച് അടക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.<br>ചവറ മുതൽ കൃഷ്ണപുരം വരെ ബി.സി. സർഫസിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.<br>പാരിപ്പള്ളിയിൽ കലുങ്കുകൾ ബ്ലോക്ക് ആയത് ശരിയാക്കി വരുന്നുണ്ട്.<br>**ദേശീയപാത 744 - ൽ മണ്ണിടിച്ചിലോ ഗതാഗത തടസ്സമോ റിപ്പോർട്ട് ചെയ്തിട്ടില്ല. കനത്ത മഴയിൽ കൊട്ടാരക്കര മുതൽ കോട്ടവാസൽ വരെയുള്ള റോഡിൽ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. ഇവ കോൾഡ് മിക്സ് ഉപയോഗിച്ച് അടച്ചു വരികയാണ്. അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 450** ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. | |
| 14 | തിരുവനന്തപുരം | ശക്തമായ മഴയിൽ ദേശീയപാതയിൽ പലയിടങ്ങളിലും പോട്ട് ഹോളുകൾ രൂപപ്പെട്ടിട്ടുണ്ട്.<br>**താൽക്കാലികമായി റോഡിന് അറ്റകുറ്റപണികൾക്കായി 160 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്.** | |

**ദേശീയപാതകളിലും സി.ആർ.എഫ് റോഡുകളിലും ഉണ്ടായ തകരാറുകൾക്ക് താൽക്കാലികമായ റീസ്റ്റോറേഷന് 68.64 കോടി രൂപയും ദേശീയപാതകളുടെ തകർന്ന ഭാഗങ്ങളെ റീസർഫസിംഗ്, സ്ട്രെങ്ങ്തെനിംഗ് എന്നിവയ്ക്ക് 450.00 കോടിരൂപയുമാണ് കണക്കാക്കിയത്**

സെക്ഷൻ ഓഫീസർ.